ശ്രീ. സി. എച്ച്. മുഹമ്മദുകോയ: മാനേജുമെൻറിന്റെ ദോഷം കൊണ്ടുണ്ടായ നഷ്ടമല്ല. നഷ്ടകരമായി ഡിപ്പാർട്ടുമെൻറ് നടത്തിക്കൊണ്ടിരുന്ന പല സ്ഥാപനങ്ങളും കോർപ്പറേഷന് ഏൽപ്പിച്ചുകൊടുത്തു. അതുകൊണ്ടാണ് ഇത്രയധികം നഷ്ടം വന്നത്.

ശ്രീ. എസ്. ത്യാഗരാജൻ: ഫിഷറീസ് കോർപ്പറേഷന്റെ ഫ്രീസിംഗ് പ്ലാൻറ് സ്വകാര്യവ്യക്തികൾക്ക് വാടകയ്ക്ക് കൊടുക്കുന്ന സമ്പ്രദായമുണ്ടോ? അതുപോലെതന്നെ ഇതിൽനിന്ന് പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുവെന്നും പറയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതിന്റെ കൃത്യമായ കണക്ക് ഇപ്പോഴെന്റെ കൈവശമില്ല.

ശ്രീ. പി. സിറിയക്ക് ജോൺ: ഫിഷറീസ് കോർപ്പറേഷൻ മൽസ്യത്തൊഴിലാളികൾക്ക് ബോട്ടുകൾ വിതരണം നടത്താറുണ്ടോ? അങ്ങനെ വിതരണം നടത്തുന്നതിന്റെ മാനദണ്ഡം എന്താണ്? ഈ വിതരണത്തിൽ പക്ഷപാതം കാണിക്കുന്നുണ്ടെന്ന ആക്ഷേപം കിട്ടിയിട്ടുണ്ടോ? അതേ സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: കോർപ്പറേഷൻ പ്രത്യേകമായി ബോട്ട് വിതരണം നടത്തുന്നില്ല. അത് നടത്താത്തതുകൊണ്ട് പക്ഷപാതവും കാണിക്കുന്നില്ല.

ശ്രീ. എൻ. സുബ്രഹ്മണ്യഷേണായ്: ഇതിന്റെ മൂലധനം എത്രയാണെന്ന് പറഞ്ഞത് കേട്ടില്ല. അത് ഒരിക്കൽകൂടി പറയുമോ? 564 ലക്ഷം രൂപ ഇതിന് നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഇതിന്റെ മൂലധനം ഉണ്ടാക്കിയെടുക്കാൻ ഇനി എത്ര കൊല്ലം വേണ്ടിവരും?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇത്ര വലിയ നഷ്ടമുണ്ടായത് അതിന്റെ തേയ്മാനം, ലോണിന് പലിശ നൽകൽ മുതലായവ കൊണ്ടാണ്. ഇതിന്റെ പെയിഡപ്പ് ക്യാപ്പിറൽ 1,43,95,400 രൂപയാണ്. ഷെയർ ക്യാപ്പിറൽ കോൺട്രിബ്യൂഷൻ യെറ്റ് റ്റു ബി അലോട്ടഡ് 16,26,000 രൂപയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: നഷ്ടമുള്ള ചില ബിസിനസ് കോർപ്പറേഷനെ ഏൽപ്പിച്ചതുകൊണ്ടാണ് കൂടുതൽ നഷ്ടമുണ്ടായതെന്ന് പറഞ്ഞു. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ കോർപ്പറേഷനിൽനിന്ന് പിൻവലിച്ച് ഗവൺമെൻറ് ഏറെടുക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ചില ബോട്ട് ബിൽഡിംഗ യാഡുകൾ നിറുത്തിക്കഴിഞ്ഞു. ഇപ്പോൾ നഷ്ടം കുറഞ്ഞുവരികയാണ്.

കാർഷിക സർവ്വകലാശാലയുടെ ആറാം പദ്ധതി

*793 [865] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ ആറാം പദ്ധതി ഗവൺമെൻറിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിയിൽ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) വിശദവിവരം താഴെപറയും പ്രകാരമാണ്.

1.	വിദ്യാഭ്യാസം	—	652.19 ലക്ഷം
2.	ഗവേഷണം	—	592.28 ,,
3.	വിജ്ഞാനവ്യാപനം	—	176.10 ,,
4.	മരാമത്ത്	—	1020.55 ,,
5.	മറ്റിനങ്ങൾ	—	305.88 ,,

(സി) ഉണ്ട്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: ഈ പദ്ധതിയിൽ ഒരു ഫിഷറീസ് കോളേജ് ആരംഭിക്കാൻ നിർദ്ദേശമുണ്ടോ? ഉണ്ടെങ്കിൽ എവിടെ; എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഫിഷറീസ് കോളേജ് സ്ഥാപിക്കാൻ ഉദ്ദേശമുണ്ടെങ്കിലും അതിന്റെ തുക ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഉടമക്കൊള്ളിച്ചിരിക്കുന്നത് എന്നാണ് തോന്നുന്നത്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് തീരുമാനിച്ചിട്ടില്ല, ചില സ്ഥലങ്ങൾ നോക്കിയിട്ടുണ്ട്.

ശ്രീ. കെ. പി. നൂറുദ്ദീൻ: പദ്ധതിയിൽ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നു പറഞ്ഞു. ആ ഭേദഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: ഭേദഗതികളെക്കുറിച്ച് ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ആറാം പദ്ധതിയുടെ അവസാന രൂപരേഖ ഇനിയും തയ്യാറായിട്ടില്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കേരള കാർഷികസർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ സഹകരണത്തിനു ഡിഗ്രി കോഴ്സ് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ? അതിന് പ്രത്യേകമായി ഒരു ഫാക്കൽറ്റി ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: നോട്ടീസ് വേണം.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: നാണ്യവിളകളെ സംബന്ധിച്ച് ഗവേഷണം നടത്തുന്നതിന് കണ്ണൂർ ജില്ലയിൽ വൈതൽമലയിൽ ഒരു കോളേജ് സ്ഥാപിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ മുൻപിൽ സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: ഇതുവരെ ഒന്നും കിട്ടിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ത്യാഗരാജൻ: ഫിഷറീസ് കോളേജ് രൂപീകരിക്കാൻ തീരുമാനിച്ചുവെന്ന് പറഞ്ഞു. അത് രൂപീകരിക്കുന്നത് വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടിയാണോ? ഈ കാര്യത്തിൽ കൊല്ലം ജില്ലയിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. എൽ. ജേക്കബ്: സ്ഥലങ്ങൾ പലതും സന്ദർശിച്ചുകൊണ്ടിരിക്കുകയാണ്. എവിടെയാണെന്ന് തീരുമാനിച്ചിട്ടില്ല. ഉടൻതന്നെ തീരുമാനമെടുക്കും.

ശ്രീ. ഇ. പി. ഗോപാലൻ: കാർഷിക സർവ്വകലാശാല ഗവേഷണ കാര്യത്തിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണെന്നും വിജ്ഞാന വിതരണ കാര്യത്തിൽ കൃഷി ഡിപ്പാർട്ടുമെൻറാണ് പ്രധാനമായി ചുമതല എടുക്കേണ്ടതെന്നും അംഗീകരിച്ചുകൊണ്ട് ഗവേഷണ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് കാർഷിക സർവ്വകലാശാലയ്ക്ക് വേണ്ട നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ആലോചിക്കാം.

ശ്രീ. പി. സിറിയക്ക് ജോൺ: മീൻവളർത്തലിന് കുട്ടനാട്ടിൽ പ്രത്യേക സാദ്ധ്യതയുള്ളതുകൊണ്ട് കുട്ടനാട്ടിൽ വിപുലമായ തോതിൽ മീൻവളർത്തലിനുള്ള ഒരു പദ്ധതി കാർഷിക സർവ്വകലാശാലയുടെ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: തൽക്കാലം ഉൾക്കൊള്ളിച്ചിട്ടില്ല.

ശ്രീ. പി. കരുണാകരൻ: കാർഷിക സർവ്വകലാശാലയുടെ കീഴിൽ കോക്കനട്ട് റിസർച്ച് സെൻറർ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ്, എന്താണ് പ്രവർത്തനം നടത്തുന്നത്?

ശ്രീ. എ. എൽ. ജേക്കബ്: പ്രവർത്തിക്കുന്നില്ല.

ആക്സിലിയറി നഴ്സ്, മിഡ്വൈഫുമാരുടെ സീനിയോറിറ്റി

* 797 [866] ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ:
,, റ്റി. കെ. അബ്ദു:
,, എം. കെ. കൃഷ്ണൻ:
,, എൻ. സുബ്രഹ്മണ്യഷേണായ്:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് വകുപ്പിലെ ആക്സിലിയറി നഴ്സ് മിഡ്വൈഫുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്ത്;

(സി) ഇപ്രകാരം ലിസ്റ്റ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്തണമെന്ന ആവശ്യം ഏതെങ്കിലും സംഘടനകൾ ഉന്നയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതേതു സംഘടനകൾ; ഏതേതു തീയതിക്ക്?

LIBRARY ARCHIVES Kerala Legislative Assembly